**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 619 29.11.2018-ലെ മറുപടിയ്ക്ക്

**<u>ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | കിഫ്ബിയിൽ നിന്നും 10 കോടി രൂപ വകയിരുത്തിയിട്ടുള്ള ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) & (ബി) | കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ചുമതല കിറ്റ്കോയ്ക്കാണ് നൽകിയിട്ടുള്ളത്. ടി പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് കിറ്റ്കോ തയ്യാറാക്കി വരികയാണ്. |
| (ബി) | പ്രസ്തുത നിർമ്മാണത്തിനായുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും ആയത് ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | പ്രസ്തുത പദ്ധതിയിൽ താഴെപ്പറയുന്ന പ്രവർത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1) സ്വാഭാവിക പുൽത്തകിടിയോടുകൂടിയ ഫുട്ബോൾ കളിസ്ഥലം<br>2) 8 ലൈയിനുകളുള്ള സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്<br>3) ഗ്യാലറി കെട്ടിടം |
| (ഡി) | പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് എം.ഒ.യു ഒപ്പുവയ്ക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; എത്രയും വേഗത്തിൽ എം.ഒ.യു ഒപ്പുവച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ;വിശദമാക്കുമോ? | (ഡി) | സ്റ്റേഡിയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വലിയൊരു ഭാഗം ഗവ.പോളിടെക്നിക്കിന്റെയും ബാക്കി പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെയും അധീനതയിലാണുള്ളത്. സ്ഥലം ഉടമസ്ഥനിൽ നിന്നും എം.ഒ.യു ഒപ്പുവച്ച് ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**